**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**2019 ജൂൺ 14, വെള്ളി**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2289**

വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്.ശർമ്മ.എം.എൽ.എ** | **ഡോ.ടി.എം.തോമസ് ഐസക്**<br>**( ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെയുള്ള വിവിധ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ഉണ്ട് |
| (ബി) ഏതെല്ലാം തസ്തികകളാണ് പുതുതായി വേണ്ടതെന്നു ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരിക്കുന്നത്; കോളേജിന്റെ സുഗമമായ പ്രവർത്തനം സാധ്യമാക്കുന്നതിന് പ്രസ്തുത തസ്തികകൾ അനുവദിക്കാൻ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ പ്രിൻസിപ്പൽ, മലയാളം/ഹിന്ദി, ഇംഗ്ലീഷ്,കൊമേഴ്സ്, ഫിസിക്കൽ എഡ്യുക്കേഷൻ, സ്റ്റാറ്റിസ്റ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ഭരണ വകുപ്പ് പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും കൊമേഴ്സിനും മാത്തമാറ്റിക്സിനും 2 അദ്ധ്യാപക തസ്തികകൾ വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് മറ്റുള്ള വിഷയങ്ങളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ് എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി കോളേജിലെ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ പരിശോധിക്കുകയും സമാന കേസുകൾ ഉണ്ടെങ്കിൽ അവ കൂടി പരിശോധിച്ച് ഒറ്റ പാക്കേജായി സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br><br>സീനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, ക്ലർക്ക്, ടൈപ്പിസ്റ്റ്, ലൈബ്രേറിയൻ ഗ്രേഡ് IV, ലാബ്/ലൈബ്രറി അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് എന്നീ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിക്കുകയും |

| | |
|---|---|
| | താഴെപറയും പ്രകാരം തസ്തികകൾ അനുവദിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ അദ്ധ്യാപക-അനദ്ധ്യാപക, പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഉത്തരവുകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br>സീനിയർ സൂപ്രണ്ട് - 1<br>ഹെഡ് അക്കൗണ്ടന്റ് - 1<br>ക്ലാർക്ക് - 2<br>ലൈബ്രേറിയൻ ഗ്രേഡ് IV - 1 |

**സെക്ഷൻ ഓഫീസർ**